## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3941** **28-06-2024 - ൽ മറുപടിയ്ക്ക്**

## കാസർഗോഡ് ജില്ലയിലെ ദേശീയ ജലപാത നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ദേശീയ ജലപാത നിർമ്മാണവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ കൊറ്റി മുതൽ കോട്ടപ്പുറം വരെ നിലവിൽ ജലപാതയുണ്ട്. ദേശീയ ജലപാത നിർമ്മണവുമായി ബന്ധപ്പെട്ട് കോട്ടപ്പുറം മുതൽ ബേക്കൽ വരെ പുതിയ ജലപാതയുടെ നിർമ്മാണം നടന്നുവരുന്നു. അതിൽ അരയി പുഴയ്ക്ക് കുറുകെ അരയി-കോട്ടക്കടവിൽ ഒരു സ്റ്റീൽ ഫൂട്ട് ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി 60% പൂർത്തിയായി. ജലപാത നിർമ്മിക്കുന്നതിനായി കാഞ്ഞങ്ങാട്, ഹൊസ്ദുർഗ്ഗ്, അജാനൂർ, ബല്ല എന്നീ വില്ലേജുകളിൽ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ ജലപാത വികസനപ്രവർത്തികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കിൽ (കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലി.) മുഖാന്തിരം നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ജില്ലയിൽ എത്ര ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വില്ലേജുകൾ തിരിച്ച് കണക്കുകൾ വിശദമാക്കാമോ; | (ബി) | 6.65 കി.മീ കൃത്രിമകനാൽ നിർമ്മിക്കുന്നതിന് 105.90 ഏക്കർ സ്ഥലവും നമ്പ്യാർക്കല്ലിൽ ഡൈവേർഷൻ കനാൽ നിർമ്മിക്കുന്നതിന് 3.23 ഏക്കർ സ്ഥലവുമാണ് ഏറ്റെടുക്കേണ്ടി വരുന്നത്. കാഞ്ഞങ്ങാട്, ഹോസ്ദുർഗ്ഗ്, അജാനൂർ, ബല്ല വില്ലേജുകളിലാണ് സ്ഥലം ഏറ്റെടുക്കേണ്ടത്. ബല്ല ഒഴികെ വില്ലേജുകളുടെ 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ഹൊസ്ദുർഗ്ഗ് - 24.91 ഏക്കർ<br><br>അജാനൂർ - 44.40 ഏക്കർ<br><br>കാഞ്ഞങ്ങാട് - 3.23 ഏക്കർ<br><br>ബല്ല - 36.58 ഏക്കർ |
| (സി) | ഭൂമി ഏറ്റെടുക്കലിനായി പ്രഖ്യാപിച്ച ഭൂ ഉടമകൾക്കുള്ള പാക്കേജ് സംബന്ധിച്ച് വിശദാംശം നൽകാമോ? | (സി) | ഭൂമി ഏറ്റെടുക്കുന്നതിനായി LARR Act 2013 പ്രകാരമുള്ള കോമ്പൻസേഷൻ പാക്കേജാണ് |

| | | | |
|---|---|---|---|
| | | | ഭ്രൂവുടമകൾക്ക് നൽകാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ